# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 18-05-2012

## സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (STFI)
## ദേശീയ സമ്മേളനം ആരംഭിച്ചു

സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്.ടി.എഫ്.ഐ)യുടെ അഞ്ചാം ദേശീയ സമ്മേളനം കന്യാകുമാരിയിൽ അജിത്ബാഗ് നഗറിൽ ആരംഭിച്ചു. മെയ് 17 ന് രാവിലെ 10 മണിക്ക് പ്രസിഡന്റ് കാർത്തിക് മണ്ഡൽ പതാക ഉയർത്തി. പ്രസിദ്ധ ചരിത്രകാരൻ ഡോ. കെ.എൻ.പണിക്കർ സമ്മേളനം ഉദ്ഘാടനം ചെയ്തു. കാർത്തിക് മണ്ഡലിന്റെ അധ്യക്ഷയിൽ നടന്ന സമ്മേളനത്തിൽ ആൾ ഇന്ത്യ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ആർ.മുത്തുസുന്ദരം, യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഫെഡറേഷൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി അശോക് ബർമൻ, എസ്.എഫ്.ഐ അഖിലേന്ത്യാ ജനറൽ സെക്രട്ടറി റിത്തബ്രത ബാനർജി എന്നിവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ ഡോ. ജെയിംസ് ഡാനിയൽ സ്വാഗതവും എസ്.ടി.എഫ്.ഐ ജോ. ജനറൽ സെക്രട്ടറി എം.ഷാജഹാൻ നന്ദിയും പറഞ്ഞു. പ്രസിഡന്റ് കാർതിക് മണ്ഡൽ, എൻ.നാരായണ, കെ.എൻ.സുകുമാരൻ എന്നിവരടങ്ങിയ പ്രസീഡിയവും ജോ. ജനറൽ സെക്രട്ടറി എം.ഷാജഹാൻ, സെക്രട്ടറിമാരായ ഉത്പൽ റോയ്, സമർ ചക്രവർത്തി എന്നിവരടങ്ങിയ സ്റ്റീയറിംഗ് കമ്മിറ്റിയുമാണ് സമ്മേളന നടപടികൾ നിയന്ത്രിക്കുന്നത്. എ.കെ.ഉണ്ണികൃഷ്ണനാണ് മിനുട്സ് കമ്മിറ്റി കൺവീനർ. 10 ലക്ഷം അംഗങ്ങളെ പ്രതിനിധീകരിച്ച് വിവിധ സംസ്ഥാനങ്ങളിലെ 20 സംഘടനകളിൽ നിന്നും 1000 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. പ്രതിനിധിസമ്മേളനത്തിൽ ജനറൽ സെക്രട്ടറി കെ.രാജേന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. വൈകുന്നേരം നടന്ന വനിതാസമ്മേളനത്തിൽ വൈസ് പ്രസിഡന്റ് സംയുക്ത അധ്യക്ഷത വഹിച്ചു. സീമാദത്ത്, പി.ഡി.ശ്രീദേവി, കെ.ബദറുന്നീസ എന്നിവർ സംസാരിച്ചു. പ്രവർത്തനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടന്ന പൊതുചർച്ചയിൽ കേരളത്തെ പ്രതിനിധീകരിച്ച് കെ.എസ്.ടി.എ നേതാക്കളായ കെ.ജെ.ഹരികുമാർ, ഡി.വിമല എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

എസ്.ടി.എഫ്.ഐ സമ്മേളനം അധ്യാപക റാലിയോടെ ഇന്ന് (19.05.2012) സമാപിക്കും. രാവിലെ നടക്കുന്ന ദേശീയ വിദ്യാഭ്യാസ സെമിനാർ കേന്ദ്ര മാനവ വിഭവ വകുപ്പ് സഹമന്ത്രി ഡോ.ഡി.പുരന്ദരേശ്വരി ഉദ്ഘാടനം ചെയ്യും. പി.കെ.ബിജു എം.പി, മുൻ തമിഴ്നാട് മന്ത്രി കെ.ടി. പുത്തരിമൾ, കുമാർറാണ, വി.ബാലസുബ്രഹ്മണ്യം എന്നിവർ പങ്കെടുക്കും. മൂന്നുദിവസമായി കന്യാകുമാരിയിൽ നടക്കുന്ന എസ്.ടി.എഫ്.ഐ യുടെ ദേശീയ സമ്മേളനം ഇന്ന് (19.05.2012) വൈകുന്നേരം 3 മണിക്ക് പതിനായിരക്കണക്കിന് അധ്യാപകർ പങ്കെടുക്കുന്ന റാലിയോടെ സമാപിക്കും. റാലിയോട് അനുബന്ധിച്ച് നടക്കുന്ന പൊതുസമ്മേളനം സി.ഐ.ടി.യു അഖിലേന്ത്യാ പ്രസിഡന്റ് ഏ.കെ.പത്മനാഭൻ ഉദ്ഘാടനം ചെയ്യും. എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ് പി.കെ. ബിജു എം.പി, എ.വി.ബല്ലാർമിൻ എക്സ്.എം.പി എന്നിവർ സംസാരിക്കും.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി,
കെ.എസ്.ടി.എ

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 18-05-2012

## വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കാൻ യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാവുക

**എസ്.ടി.എഫ്.ഐ**

വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം കേന്ദ്രസർക്കാർ ഏറ്റെടുക്കണമെന്നും അതിനാവശ്യമായ സാമ്പത്തിക സഹായം സംസ്ഥാനങ്ങൾക്ക് നൽകണമെന്നും കന്യാകുമാരിയിൽ നടക്കുന്ന 5-ാമത് എസ്.ടി.എഫ്.ഐ ദേശീയ സമ്മേളനം ആവശ്യപ്പെട്ടു. നിയമം നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം സംസ്ഥാനങ്ങളുടെ തലയിൽ കെട്ടിവച്ച കേന്ദ്രസർക്കാർ നയത്തിനെതിരെ എല്ലാ വിഭാഗം ജനങ്ങളും യോജിച്ച് അണിനിരക്കണമെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. മൂന്നുവർഷം പിന്നിട്ടിട്ടും ആവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. ആവശ്യത്തിന് സ്കൂളുകളും അധ്യാപകരും ഇല്ലാത്ത ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിയമം നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. സംസ്ഥാനങ്ങളുടെ ബാധ്യതയാണെന്നു പറഞ്ഞ് കേന്ദ്രം കയ്യൊഴിയുകയാണ്. കേരളം, ബംഗാൾ, ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിലവിലുള്ള സംവിധാനത്തെ ദുർബലപ്പെടുത്തുന്ന നടപടികളുമായി സംസ്ഥാന ഗവൺമെന്റുകൾ മുന്നോട്ടുപോകുകയാണ്. പൊതുസ്വകാര്യപങ്കാളിത്തത്തിലൂടെ നിലവിലുള്ള പൊതുവിദ്യാഭ്യാസ സംവിധാനത്തെതന്നെ കച്ചവടവൽക്കരിക്കാൻ ശ്രമിക്കുകയാണ്. പകുതിയിലധികം ജനങ്ങൾ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കളല്ലാത്ത ഒരു രാജ്യത്ത് ദേശീയ വരുമാനത്തിന്റെ 3% പോലും മാറ്റിവയ്ക്കാൻ നാളിതുവരെയായിട്ടും കേന്ദ്രഗവൺമെന്റ് തയ്യാറായിട്ടില്ല. 14 വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുവാനുള്ള ബാധ്യത ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണമെന്നും സർക്കാരിന്റെ നിഷേധാത്മകമായ നയത്തിനെതിരെ എല്ലാ വിഭാഗം ജനങ്ങളും അണിനിരക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. വിലക്കയറ്റം നിയന്ത്രിക്കുക, പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക, വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു.

.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി,
കെ.എസ്.ടി.എ

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 19-05-2012

## വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണത്തിനെതിരെ അണിനിരക്കുക

**എസ്.ടി.എഫ്.ഐ**

വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണത്തിനെതിരെ അണിനിരക്കാൻ സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ സമ്മേളനത്തിന്റെ ഭാഗമായി നടന്ന ദേശീയ വിദ്യാഭ്യാസ സെമിനാർ ആഹ്വാനം ചെയ്തു. വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തെക്കുറിച്ച് നടന്ന സെമിനാറിൽ എസ്.ടി.എഫ്.ഐ പ്രസിഡന്റ് അഭിജിത് മുഖർജി അധ്യക്ഷത വഹിച്ചു. എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ് പി.കെ.ബിജു എം.പി ആമുഖ പ്രഭാഷണം നടത്തി. പതിനായിരക്കക്കിന് ഏകാധ്യാപക വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ അവകാശനിയമം പോലും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇത്തരം വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ആഹാരം പാകംചെയ്തുകൊടുക്കേ ചുമതലകൂടി അധ്യാപകരാണ് നിർവഹിക്കുന്നത്. ഈ പ്രശ്നം ഉന്നയിച്ചുകൊുള്ള മുൻ കേന്ദ്രമന്ത്രി ലാലുപ്രസാദ് യാദവിന്റെ പാർലമെന്റിലെ പരാമർശത്തിന് മന്ത്രി കപിൽസിബലിന് പ്രതികരണമില്ലായിരുന്നു. ആവശ്യത്തിന് അധ്യാപകരോ സ്കൂളുകളോ ഉാവണമെങ്കിൽ കേന്ദ്ര സർക്കാർ ഉത്തരവാദിത്വം ഏറ്റെടുക്കണം. നിയമം നടപ്പിലാക്കാനുള്ള ചുമതല സംസ്ഥാന സർക്കാരിലേൽപ്പിച്ച് കേന്ദ്രം കൈയ്യൊഴിയുകയാണ്. 14 വയസുവരെ കുട്ടികളെ പഠിപ്പിക്കാൻ സൗകര്യമില്ലാത്തിടത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം എങ്ങനെ നൽകാൻ കഴിയുമെന്ന് പി.കെ.ബിജു ചോദിച്ചു. ടി.കെ.രംഗനാഥൻ എം.പി, വി.ബാലസുബ്രഹ്മണ്യം എം.എൽ.സി, കുമാർറാണ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചുകൊ് സംസാരിച്ചു. കെ.രാജേന്ദ്രൻ സ്വാഗതവും ടി.ഗണേശൻ നന്ദിയും പറഞ്ഞു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി,
കെ.എസ്.ടി.എ

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 19-05-2012

## എസ്.ടി.എഫ്.ഐ ദേശീയ സമ്മേളനം

**പ്രസിഡന്റ്-അഭിജിത് മുഖർജി , ജനറൽ സെക്രട്ടറി-കെ.രാജേന്ദ്രൻ**

അഭിജിത് മുഖർജിയെ പ്രസിഡന്റായും കെ.രാജേന്ദ്രനെ ജനറൽ സെക്രട്ടറിയായും എം.ഷാജഹാനെ ജോ. ജനറൽ സെക്രട്ടറിയായും, സി.എൻ.ഭാരതിയെ ട്രഷററായും സ്കൂൾ ടീച്ചേഴ്സ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ 5-ാമത് ദേശീയ സമ്മേളനം തെരഞ്ഞെടുത്തു. പശ്ചിമബംഗാൾ സ്വദേശിയായ അഭിജിത് മുഖർജി നിലവിൽ വൈസ് പ്രസിഡന്റായിരുന്നു. ആൾ ബംഗാൾ പ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ പ്രസിന്റുമാണ്. തമിഴ്നാട് സ്വദേശിയായ കെ.രാജേന്ദ്രൻ മൂന്നാം തവണയാണ് ജനറൽസെക്രട്ടറിയായി തെരഞ്ഞെടുക്കുന്നത്. തമിഴ്നാട് പോസ്റ്റ് ഗ്രാജ്യുവേറ്റ് ടീച്ചേഴ്സ് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്വദേശിയായ എം.ഷാജഹാനെ രണ്ടാം തവണയാണ് ജോ. ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കന്നത്. കെ.എസ്.ടി.എ ജനറൽ സെക്രട്ടറിയും, സംസ്ഥാന ജീവനക്കാരുടെ അഖിലേന്ത്യാ ഫെഡറേഷന്റെ വൈസ് പ്രസിഡന്റുമാണ്. ട്രഷറായി തെരഞ്ഞെടുക്കപ്പെട്ട സി.എൻ.ഭാരതി ഹരിയാനയിലെ പ്രമുഖ അധ്യാപക സംഘടനയായ എച്ച്.വി.എ.എസിന്റെ ഭാരവാഹിയാണ്.

എൻ.നാരായണ (ആന്ധ്രാപ്രദേശ്), കെ.എൻ.സുകുമാരൻ (കേരളം), ശാന്തിറാം ഭട്ടാചാര്യ (ബംഗാൾ), സംയുക്ത (ആന്ധ്രാപ്രദേശ്), സുൽത്താൻ സിങ് ഓല (ഒറീസ), ടി.ഗണേശൻ (തമിഴ്നാട്), പ്രേം ചന്ദ് റക്കാർ (പഞ്ചാബ്) എന്നിവരെയും വൈസ് പ്രസിഡന്റുമാരായും ഉത്പൽറോയ് (ബംഗാൾ), എ.കെ.ഉണ്ണികൃഷ്ണൻ, പി.ഡി.ശ്രീദേവി (കേരളം), ഐ. വെങ്കിടേശ്വർറാവു (ആന്ധ്രാപ്രദേശ്), അസീംകർപാൾ (ജമ്മുകാശ്മീർ), സീമാദത്ത (ബംഗാൾ) എന്നിവരെ സെക്രട്ടിമാരായും തെരഞ്ഞെടുത്തു. 21 പേരുള്ള കേന്ദ്രസെക്രട്ടറിയേറ്റിനെയും 37 പേരുള്ള നാഷണൽ എക്സിക്യൂട്ടിവിനെയും സമ്മേളനം തെരഞ്ഞെടുത്തു. 96 പേരുള്ള നാഷണൽ കൗൺസിലിൽ കേരളത്തിൽ നിന്നും എൻ. ബാലകൃഷ്ണൻ, പി.പരമേശ്വരൻ, ടി.തിലകരാജ്, കെ.ജെ. ഹരികുമാർ, ടി.എസ്.എൻ.ഇളയത്, ഡി.വിമല എന്നിവരെയും തെരഞ്ഞെടുത്തു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി,
കെ.എസ്.ടി.എ

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 19-05-2012

## എസ്.ടി.എഫ്.ഐ സമ്മേളനം
## വമ്പിച്ച അധ്യാപകറാലിയോടെ സമാപിച്ചു

പതിനായിരക്കണക്കിന് അധ്യാപകർ പങ്കെടുത്ത പടുക്കൂറ്റൻ റാലിയോടുകൂടി എസ്.ടി.എഫ്.ഐ 5-ാം ദേശീയ സമ്മേളനം സമാപിച്ചു. തമിഴ്നാടിലെ അധ്യാപകരോടൊപ്പം കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് അധ്യാപകർ കേരളത്തിൽ നിന്നും റാലിയിൽ പങ്കെടുത്തു. കന്യാകുമാരി ബസ്റ്റാന്റ് പരിസരത്തുനിന്നും ആരംഭിച്ച റാലി കന്യാകുമാരി സ്കൂൾ മൈതാനത്തിൽ സമാപിച്ചു. എസ്.ടി.എഫ്.ഐ പ്രസിഡന്റ് അഭിജിത്ത് മുഖർജി, ജനറൽ സെക്രട്ടറി കെ.രാജേന്ദ്രൻ, ജോ. ജനറൽ സെക്രട്ടറി എം.ഷാജഹാൻ, ട്രഷറർ സി.എൻ.ഭാരതി, കെ.എൻ.സുകുമാരൻ, എൻ. നാരായണ, പി.ഡി.ശ്രീദേവി, ടി.ഗണേശൻ, ഉത്പൽ റോയ് തുടങ്ങിയവർ നേതൃത്വം നൽകി. റാലിയ്ക്ക് സമാപനം കുറിച്ചുകൊ് നടന്ന പൊതുസമ്മേളനം സി.ഐ.ടി.യു അഖിലേന്ത്യാ പ്രസിഡന്റ് ഏ.കെ. പത്മനാഭൻ ഉദ്ഘാടനം ചെയ്തു. എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ് പി.കെ.ബിജു എം.പി, മുൻ എം.പി ബല്ലാർമിൻ. എ.വി, എസ്.ടി.എഫ്.ഐ ജനറൽ സെക്രട്ടറി കെ.രാജേന്ദ്രൻ, പ്രസിഡന്റ് അഭിജിത് മുഖർജി, എന്നിവർ സംസാരിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി,
കെ.എസ്.ടി.എ